LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 23, വെള്ളി

നിയമസഭ 2010 ജൂലൈ മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 541

റീസർവ്വേയ്ക്ക് ശേഷമുള്ള ഭൂമി തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

1 (*541) ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേയ്ക്ക് ശേഷമുള്ള ഭൂമി തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) റീസർവ്വേയ്ക്കുശേഷം എത്ര പരാതികൾ ലഭിച്ചു ; അതിന്മേൽ ഇതിനകം എത്ര എണ്ണത്തിന് തീർപ്പുകൽപ്പിച്ചു ;

(സി) ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തര പരിഹാരം സാദ്ധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ രേഖകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും താലൂക്ക് തലത്തിലുള്ള എൽ.ആർ.എം.വിഭാഗം ശക്തിപ്പെടുത്തുന്നതിനുമായി 31-5-2010-ന്

(എം എസ്.)200/10/ റവന്യൂ നമ്പരായുള്ള സർക്കാർ ഉത്തരവു പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ താലൂക്കിലേയും പരാതികൾ സ്വീകരിക്കുന്നതിന് താലൂക്ക് ഓഫീസിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. പരാതി പരിഹരിച്ച് തീർപ്പാക്കുന്നതിന് ഓരോ താലൂക്ക് ഓഫീസുകളിലേക്കും സർവ്വേയർമാരേയും ഡ്രാഫ്റ്റ്സ്മാൻമാരേയും പുനർവിന്യസിച്ചിട്ടുണ്ട്.

(ബി) റീസർവ്വേയ്ക്കുശേഷം 2010 മേയ് വരെ 19,56,942 പരാതികൾ ലഭിച്ചു. ഇതിൽ 19,08,874 പരാതികൾ തീർപ്പാക്കി.

(സി) ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തര പരിഹാരം സാധ്യമാക്കുന്നതിന് അധികമായുണ്ടാകുന്ന ജോലിഭാരത്തിനനുസരിച്ച് ആവശ്യമായ ജീവനക്കാരെ സർവ്വേ ഡയറക്ടർ റീ സർവ്വേയിൽ നിന്നും ഓരോ താലൂക്ക് ഓഫീസുകളിലേക്കും പുനർവിന്യസിച്ചിട്ടുണ്ട്. താലൂക്കുകളിലെ സർവ്വേ സംബന്ധമായ പ്രവർത്തനം ഓരോ 15 ദിവസത്തിലൊരിക്കലും താലൂക്ക് തലത്തിൽ അവലോകനം ചെയ്യേണ്ടതാണെന്നും താലൂക്കുകളിലെ സർവ്വേ സംബന്ധമായ പ്രവർത്തനം ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതിനായി കളക്ടറേറ്റുകളിൽ ഡെപ്യൂട്ടി ഡയറക്ടറേയും ചുമതലപ്പെടുത്തിയും കളക്ടർമാർ വിളിക്കുന്ന തഹസീൽദാർമാരുടെ പ്രതിമാസ യോഗത്തിൽ സർവ്വേ വിഭാഗത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതും അവലോകന റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്കും സർവ്വേ ഡയറക്ടർക്കും അയയ്ക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. പള്ളിപ്രം ബാലൻ</u> : സർ, സംസ്ഥാനത്ത് ഇപ്പോഴും സർവ്വേയുടെ പ്രവർത്തനം വളരെ ചെറിയ രീതിയിലാണ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തിയാക്കുന്നതിന് സർക്കാർ ഇപ്പോൾ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, 17-10-2007-ലെ സർക്കാർ ഉത്തരവു പ്രകാരം രൂപീകൃതമായ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ (KLIM)-ന്റെ നേതൃത്വത്തിൻകീഴിൽ 'ഭൂമി കേരളം' പദ്ധതി പ്രകാരം ശേഷിക്കുന്ന വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇതിനായി ആധുനിക രീതിയിലുള്ള പരിശീലനത്തിന് പുതിയ യന്ത്രങ്ങൾ, 80 ടോട്ടൽ സ്റ്റേഷനുകൾ, രണ്ട് സെറ്റ് ഡ്യൂവൽ ഫ്രീക്വൻസി ഡിഫറൻഷ്യൽ ജി. പി. എസ്.-കൾ എന്നിവ സർവ്വേ/ റീ-സർവ്വേ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നുണ്ട്. മതിയായ ഉപകരണങ്ങളുടെ അഭാവത്തിൽ തീയോഡലൈറ്റ് ചെയിൻ, ക്രോസ് ചോക്ക് എന്നിവ ഉപയോഗിച്ച് പരമ്പരാഗതമായ രീതിയിൽ തുടരുന്ന സർവ്വേയും ഇതിനോടൊപ്പം നടത്താൻ ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്. പുതുതായി നിയമനം ലഭിച്ച എല്ലാപേർക്കും ആധുനിക ഉപകരണങ്ങളിൽ പരിശീലനവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പള്ളിപ്രം ബാലൻ : സർ, ഭൂമി കേരളം പദ്ധതിയനുസരിച്ച് പാവപ്പെട്ട ഭൂരഹിതരായ ആളുകൾക്ക് ഭൂമി കൊടുക്കണമെങ്കിൽ സർവ്വേ പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്. സംസ്ഥാനത്ത് റീ- സർവ്വേ പ്രവർത്തനം നീണ്ടുപോകാനുണ്ടായ കാരണങ്ങൾ എന്താണെന്നും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിന്നോട്ടുപോകാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ ചോദ്യം വളരെ പ്രസക്തമായിട്ടുള്ള ഒന്നാണ്. 1966-67-ൽ സർവ്വേ പ്രവർത്തനം ആരംഭിച്ചുവെങ്കിലും അന്നത്തെ തീരുമാനമനുസരിച്ച് ഒരു പത്തുവർഷം കൊണ്ട് കേരളത്തിൽ പൂർണ്ണമായി ഇതിന്റെ പ്രവർത്തനം പൂർത്തിയാക്കണമെന്ന് തീരുമാനിച്ചുവെങ്കിലും 40 വർഷം കഴിഞ്ഞിട്ടും അതിന്റെ പകുതി പോലും നമുക്ക് അച്ചീവ് ചെയ്യാൻ സാധിച്ചിട്ടില്ല. സർവ്വേയുടെ പ്രവർത്തനങ്ങൾ നടത്തിയ സ്ഥലത്തുതന്നെ പരാതികളുടെ പ്രളയമാണ്. അത് പരിശോധിച്ച് പരിഹരിക്കാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എൻ. രാജൻ : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർവ്വേ വകുപ്പ് ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പുതിയതായി നിയമനം നൽകിയ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ഏതാണ്ട് അഞ്ഞൂറോളം ജീവനക്കാരെ പുതിയതായി നിയമിച്ചിട്ടുണ്ട്. ഈ ജീവനക്കാർക്കെല്ലാം പോലീസ് അക്കാഡമിയിൽ വച്ച് ടോട്ടൽ സ്റ്റേഷനും, ജി. പി. എസ്സും. അതുപോലെ പുതിയ ടെക്നോളജി അനുസരിച്ചുള്ള എല്ലാ ട്രെയിനിംഗും നൽകിയിട്ടുണ്ട്. കൂടാതെ സർവ്വേ വകുപ്പിൽ നേരത്തെയുള്ള ഏകദേശം മുന്നൂറോളം ജീവനക്കാരെ ഹൈദ്രാബാദിൽ അയച്ച് ട്രെയിനിംഗ് കൊടുത്തിട്ടുണ്ട്. ഇനി റിക്രൂട്ട് ചെയ്യുന്നവർക്കെല്ലാം പരിശീലനം നൽകുന്നതാണ്.

ശ്രീ. കെ. രാജു : സർ, റീ-സർവ്വേക്കുശേഷമുള്ള പരാതികളുടെ പ്രളയം പരിഹരിക്കാൻ വേണ്ടി അങ്ങ് ചില നടപടികൾ സ്വീകരിച്ചതായി പറഞ്ഞു. ഈ റീ-സർവ്വേ കഴിഞ്ഞതിനുശേഷം ഇത്രയധികം പരാതികൾ വരുന്നത് റീ-സർവ്വേയുമായി ബന്ധപ്പെട്ട് അതിനുശേഷമുണ്ടാകുന്ന പരാതികൾ ഉദ്യോഗസ്ഥൻമാർ പരിഹരിച്ചു കൊടുക്കുമ്പോൾ ആവശ്യമായിട്ടുള്ള കമ്മീഷനോ അല്ലെങ്കിൽ ഇടപാടോ നടത്തിക്കൊടുക്കുന്നതിനുവേണ്ടി മനഃപൂർവ്വമായി ചെയ്തിട്ടുള്ളതാണ്. എന്റെ മണ്ഡലത്തിലെ അഞ്ചൽ വില്ലേജിൽ റീ-സർവ്വേ പൂർത്തീകരിച്ചിട്ട് മൂന്നു മാസമായി. പൂർത്തീകരിച്ചതിനുശേഷം പിന്നെ പരാതികളുടെ പ്രളയമാണ്. അയ്യായിരത്തിലധികം പരാതികളാണ് വന്നിരിക്കുന്നത്. അത് പലതും ഉദ്യോഗസ്ഥൻമാർ മനഃപൂർവ്വമായി തെറ്റിച്ച് രേഖപ്പെടുത്തി റെക്കോർഡിൽ കൊടുത്തിരിക്കുന്നതാണ്. അതിൽനിന്നും പിന്നീടുള്ള നേട്ടം കണക്കാക്കിയാണ് അവർ ഇങ്ങനെ ചെയ്തിട്ടുള്ളത്. ഇങ്ങനെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ അങ്ങ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 1985 മുതൽ അദാലത്തുകൾ ആരംഭിച്ചു. ഏകദിന അദാലത്ത്, മാസ അദാലത്ത് ജനകീയ അദാലത്ത് തുടങ്ങിയവ നടത്തിയെങ്കിലും അദാലത്തുകൾ തോറും പിന്നേയും ലക്ഷക്കണക്കിന് പരാതികളുടെ പ്രളയമാണ്. അതുകൊണ്ട് ഇതിലൊരു മാറ്റം വരുത്തി ഇപ്പോൾ തഹസീൽദാർമാരുടെ കീഴിൽ 700-ഓളം ജീവനക്കാരെ മാറ്റിക്കൊടുത്തു. ഇനി ഓരോ താലൂക്കിലും അഡീഷണൽ തഹസീൽദാർമാരുടെ നേതൃത്വത്തിൽ ഇത് കൃത്യമായി ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബാബു പോൾ : സർ, സർവ്വേ നടപടികൾ റവന്യൂ വകുപ്പുമായി ചേർന്ന് നടത്താൻപോകുന്നുവെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. സർവ്വേ പുനഃസംഘടന റവന്യൂ വകുപ്പുമായി ചേർന്ന് തഹസീൽദാർമാരുടെ കീഴിൽ എങ്ങനെ കൊണ്ടുപോകാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത് ; അതുപോലെ തന്നെ മൂവാറ്റുപുഴ താലൂക്കിലെ റീ-സർവ്വേ നടപടികൾ ഒന്നും തന്നെ ആരംഭിക്കാൻപോലും കഴിഞ്ഞിട്ടില്ല. അതിനുള്ള നടപടികൾ എന്നത്തേയ്ക്ക് സ്വീകരിക്കാൻ കഴിയും ; അതിന് ഒരു മുൻഗണന നൽകുമോ എന്നുകൂടി വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പകുതി വില്ലേജിലേ പൂർത്തിയായിട്ടുള്ളൂ. പൂർത്തിയായിട്ടുള്ളിടത്താണ് ഈ പത്തൊമ്പതര ലക്ഷത്തിലേറെ പരാതി വന്നത്. അതുകൊണ്ട് തഹസീൽദാർമാരുടെ നേതൃത്വത്തിൽ പെൻഡിംഗ് ഉള്ള അപേക്ഷകൾ നോക്കി തഹസീൽദാർമാർ സർവ്വേയർമാരെ അങ്ങോട്ട് പുനർ വിന്യസിച്ചിരിക്കുകയാണ്. അത് പ്രതിമാസം അവലോകനം ചെയ്തുകൊണ്ട് പരിശോധിച്ച് മൂവായിരത്തിലധികം അപേക്ഷയുള്ളിടത്ത് കൂടുതൽ ജീവനക്കാർ തട്ട് തട്ടായി, സ്റ്റേജ് ബൈ സ്റ്റേജ് ആയി തീർക്കാനുള്ള ഒരു നടപടി സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക തീർക്കൽ തന്നെയാണ് ഇതിലേറ്റവും പ്രധാനം. ഒന്നുംതന്നെ പൂർത്തിയാക്കാത്ത സ്ഥലത്ത് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

2 (*542) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾമൂലം നിരത്തിലുണ്ടാകുന്ന അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി, ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് എവിടെയാണ് പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നത് ;

(ഡി) ഇതിനായി കോർപ്പറേഷൻ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;